**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3587 | 12.12.2014 ൽ മറുപടിയ്ക്ക് |
|---|---|
| **വനിതാ വികസന കോർപ്പറേഷന്റെ വായ്പാ തിരിച്ചടവ്** | |
| **ചോദ്യം** | **ഉത്തരം** |
| **ശ്രീ.ജെയിംസ് മാത്യു** | **ഡോ. എം.കെ.മുനീർ (പഞ്ചായത്തും സമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) വനിതാ വികസന കോർപ്പറേഷൻ വായ്പാ തിരിച്ചടവ് ഐ.ഡി.ബി.ഐ ബാങ്ക് വഴി നടപ്പിലാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) വനിതാ വികസന കോർപ്പറേഷൻ ഗുണഭോക്താക്കൾക്ക് വായ്പാ തിരിച്ചടവ് ബാങ്ക് വഴി ആക്കുന്നതിന് വേണ്ടി ഐ.ഡി.ബി.ഐ ബാങ്കുമായി ധാരണാപത്രം ഒപ്പ് വച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത ബാങ്കും കോർപ്പറേഷനും തമ്മിലുള്ള ധാരണാപത്രത്തിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (ബി) വനിതാ വികസന കോർപ്പറേഷന്റെ ഗുണഭോക്താക്കൾക്ക് കോർ ബാങ്കിംഗ് സംവിധാനമുള്ള ഏതൊരു ബാങ്കിന്റെ ഏത് ശാഖയിൽ നിന്നും അവരുടെ വായ്പാ അക്കൗണ്ടിലേയ്ക്ക് തുക അടയ്ക്കാവുന്നതാണ്. ഗുണഭോക്താവ് ഒടുക്കുന്ന തുക ഉടൻ തന്നെ ഐ.ഡി.ബി.ഐ.യിലുള്ള കോർപ്പറേഷന്റെ അക്കൗണ്ടിലേയ്ക്കെത്തുകയും അന്നേ ദിവസം തന്നെ ഗുണഭോക്താവിന്റെ വായ്പാ അക്കൗണ്ടിലേയ്ക്ക് വരവ് വയ്ക്കുകയും ചെയ്യുന്ന രീതിയിലാണ് പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്. |
| (സി) ഇതുമൂലം ഉണ്ടാകുന്ന അധിക നിരക്ക് ഉപഭോക്താവിൽ നിന്നും ഈടാക്കുമോ; സാമ്പത്തിക നഷ്ടം എത്രയെന്ന് വ്യക്തമാക്കാമോ; | (സി) ബാങ്കു വഴി വായ്പ തിരിച്ചടയ്ക്കുന്നതിന് ഗുണഭോക്താവോ വനിതാ വികസന കോർപ്പറേഷനോ അധികം നിരക്ക് നൽകേണ്ടതില്ല. ആയതിനാൽ അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുന്നില്ല. |
| (ഡി) പദ്ധതി നിർവ്വഹണത്തിൽ നിലനിൽക്കുന്ന ആശങ്ക പരിഹരിക്കുമോ? | (ഡി) വനിതാ വികസന കോർപ്പറേഷന്റെ ഓഫീസുകളിൽ വായ്പ തിരിച്ചടയ്ക്കുന്നതിന് നിലവിലുള്ള സംവിധാനം തുടരുന്നുണ്ട്. ഓഫീസുകളിൽ എത്തുന്നതിന് വേണ്ടി വരുന്ന സമയ നഷ്ടവും സാമ്പത്തിക നഷ്ടവും ഒഴിവാക്കി ഗുണഭോക്താവിന് തൊട്ടടുത്ത ബാങ്കു വഴി അധിക നിരക്കുകളൊന്നുമില്ലാതെ വായ്പ തിരിച്ചടയ്ക്കുന്ന തിനുള്ള അധിക സംവിധാനം മാത്രമാണ് കോർപ്പറേഷൻ ഒരുക്കിയിരിക്കുന്നത്. ഗുണഭോക്താവിന്റെ കൈവശമുള്ള ഏത് ചെറിയ തുകയും ബാങ്കിൽ നിക്ഷേപിച്ചു കഴിഞ്ഞാൽ വായ്പാ അക്കൗണ്ടിലേക്ക് അന്നു തന്നെ വരവുവയ്ക്കുന്നതാണ്. പുതിയ പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് ആശങ്ക ഉണ്ടാകേണ്ട യാതൊരുവിധ സാഹചര്യവും നിലവിലില്ല. |

**സെക്ഷൻ ഓഫീസർ**